**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5138** **14-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സവാരി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുരക്ഷിതവും തർക്ക രഹിതവുമായ യാത്ര പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിന് വേണ്ടി തൊഴിൽ വകുപ്പ് ഓൺലൈൻ ടാക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. സംസ്ഥാനത്ത് സുരക്ഷിതവും തർക്കരഹിതവുമായ യാത്ര പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പോലീസ്, ലീഗൽ മെട്രോളജി, പ്ലാനിംഗ് ബോർഡ്, ഗതാഗതം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ്, പാലക്കാട്, ടെക്നിക്കൽ പാർട്ട്ണർ ആയി " കേരള സവാരി " എന്ന പേരിൽ ഓൺലൈൻ ടാക്സി പ്ലാറ്റ്ഫോറം 2022 ആഗസ്റ്റ് 17 ചിങ്ങം ഒന്നാം തീയതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ ബഹു. കേരള മുഖ്യമന്ത്രി ഫ്ളാഗ് ഓഫ് ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ നടന്നുവരുന്നു.** |
| (ബി) | തിരുവനന്തപുരം നഗരപരിധിയിൽ ആരംഭിച്ച കേരള സവാരി പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | **എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | യാത്രക്കാർ നൽകുന്ന നിരക്ക് പൂർണമായും തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതിക സംവിധാനവും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നതിന് ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | **തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പോലീസ്, ലീഗൽ മെട്രോളജി, പ്ലാനിംഗ് ബോർഡ്, ഗതാഗതം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഐ.റ്റി.ഐ പാലക്കാടിന്റെ സാങ്കേതിക സഹായത്തോടെയാണ് കേരള സവാരി നടപ്പിലാക്കിയിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ